(ബി) ശബരി പരിഷ്കരണ കമ്മീഷന്റെ പ്രവർത്തനം ധൃതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

(സി) പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

മാലിന്യ നിർമ്മാർജ്ജന പദ്ധതി

*10 [9] *ശ്രീ. കെ. നാരായണക്കുറുപ്പ്:*

" *റോഷി അഗസ്റ്റിൻ:*

" *തോമസ് ചാഴികാടൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ച തോതിലുള്ള ജൈവ-ഖര മലിനീകരണം ഇല്ലാതാക്കുന്നതിന് ശാസ്ത്രീയമായ പദ്ധതി ആവിഷ്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം നൽകുമോ;

(സി) മാലിന്യ നിർമ്മാർജ്ജന പദ്ധതിയുടെ നടത്തിപ്പ് സുഗമമാക്കുവാൻ ആവശ്യമായ ബോധവൽക്കരണ പരിപാടി ആവിഷ്കരിക്കുമോ;

(ഡി) മാലിന്യ നിർമ്മാർജ്ജന പദ്ധതിയുടെ നിർവ്വഹണത്തിനും നിരീക്ഷണത്തിനുമായി വിദഗ്ദ്ധർ അടങ്ങുന്ന ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):*

(എ) ഉണ്ട്.

(ബി) 2000-ാമാണ്ടിലെ മുനിസിപ്പൽ ഖരമാലിന്യ (പരിപാലനം, കൈകാര്യം ചെയ്യലും) ചട്ടങ്ങൾ പ്രകാരവും 31-8-2004-ലെ സർക്കാർ ഉത്തരവ് നമ്പർ 40/2004/പ്ലാനിംഗ് പ്രകാരവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഖരമാലിന്യ സംസ്കരണ പദ്ധതി തയ്യാറാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന് സാങ്കേതിക സഹായം നൽകുന്നതിനും, പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനും വേണ്ടി സർക്കാർ ക്ലീൻ കേരള മിഷന് രൂപം കൊടുത്തിട്ടുണ്ട്. സ്രോതസ്സിൽ തന്നെ തരംതിരിച്ചുള്ള മാലിന്യ ശേഖരണം, ശാസ്ത്രീയമായി നിജപ്പെടുത്തിയ തെരുവ് ശുചീകരണം, കുറ്റമറ്റ ട്രാൻസ്പോർട്ടേഷൻ, സംസ്കരണ പ്ലാന്റ്, പരിസ്ഥിതിക്കനുയോജ്യമായ ലാന്റ് ഫില്ലിംഗ് സൗകര്യം ഇവ ഉൾപ്പെടുന്ന സംയോജിത ഖരമാലിന്യ സംസ്കരണ പദ്ധതി തയ്യാറാക്കുന്നതിനാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഇത് പ്രകാരം 29 മുനിസിപ്പാലിറ്റികൾ പദ്ധതി സമർപ്പിക്കുകയും ഇതിൽ 26 മുനിസിപ്പാലിറ്റികളുടെ പദ്ധതികൾക്ക് അംഗീകാരം കൊടുത്തിട്ടുണ്ട്. ഇതുകൂടാതെ കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും സംയോജിത ഖരമാലിന്യ സംസ്കരണ സംവിധാനം നടപ്പിലാക്കുന്നതിനായി പദ്ധതി രൂപരേഖ സമർപ്പിക്കാൻ ഗ്രാമപഞ്ചായത്തുകളോട് ആവശ്യപ്പെടുകയും 8 ഗ്രാമപഞ്ചായത്തുകൾ പദ്ധതി സമർപ്പിക്കുകയും അതിൽ മൂന്ന് ഗ്രാമപഞ്ചായത്തുകളുടെ പ്രോജക്ടിന് അംഗീകാരം നൽകുകയും ചെയ്തു. 2004-2005 സാമ്പത്തിക വർഷം പദ്ധതി വിഹിതമായി ലഭിച്ച 9.87 കോടി രൂപ 24 മുനിസിപ്പാലിറ്റികൾക്കും 3 പഞ്ചായത്തുകൾക്കും ധനസഹായം നൽകിയിട്ടുണ്ട്.

(സി) അവബോധ പ്രവർത്തനങ്ങളുടെ ഭാഗമായി ക്ളീൻ കേരള മിഷന്റെ കാഴ്ചപ്പാടും, ലക്ഷ്യങ്ങളും, സംരംഭങ്ങളും ഉൾക്കൊള്ളുന്ന ബ്രോഷർ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും എത്തിച്ചിട്ടുണ്ട്. വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടത്താൻ ഉദ്ദേശിക്കുന്ന സംയോജിത ഖരമാലിന്യ സംസ്കരണ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കേണ്ട ഐ.ഇ.സി. പ്ളാൻ (ക്യാമ്പയിൻ കപ്പാസിറ്റി ബിൽഡിംഗ്), മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും നൽകുകയുണ്ടായി. മിഷൻപ്രവർത്തനങ്ങൾ കൂടുതൽ പൊതുജനങ്ങളിലേക്കെത്തിക്കുന്നതിന് ഒരു വെബ്സൈറ്റ് ആരംഭിച്ചു. മിഷൻ വഴി ലഭിക്കുന്ന സേവനങ്ങളും സമകാലീന പ്രവർത്തനങ്ങളും ഈ സൈറ്റിലൂടെ ലഭ്യമാക്കി വരുന്നു. പൊതുജനാവബോധം വർദ്ധിപ്പിക്കുന്നതിനായി വ്യാപകമായ ഇലക്ട്രോണിക് പ്രിന്റ് മീഡിയ വഴിയുള്ള ക്യാമ്പയിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ക്ളീൻ കേരള മിഷന്റെ സന്ദേശം എല്ലാ വിഭാഗം ജനങ്ങളിലേക്കും എത്തിക്കുന്നതിനായി സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുമായി പോസ്റ്റർ മത്സരം സംഘടിപ്പിച്ചിട്ടുണ്ട്. സംസ്ഥാനമൊട്ടാകെ വിപുലമായ തോതിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിലേക്ക് സർക്കാർ, സർക്കാരിതര സംഘടനകളിൽ നിന്ന് അപേക്ഷ സ്വീകരിക്കുകയും തുടർ പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു. 'ശുചിത്വ കേരളം സുന്ദര കേരളം' എന്ന ആശയം പ്രചരിപ്പിക്കുന്നതിനും 'മനോഭാവ-ശീല' മാറ്റങ്ങൾക്കുമായി സ്കൂൾ കുട്ടികൾക്കുവേണ്ടി ഒരു കരിക്കുലം തയ്യാറാക്കി വരുന്നു.

(ഡി) മാലിന്യ നിർമ്മാർജ്ജന പദ്ധതി സമയബന്ധിതമായും ഫലപ്രദമായും നടപ്പിലാക്കുന്നതിനായി തദ്ദേശ സ്വയംഭരണ (നഗരകാര്യ) സെക്രട്ടറി ചീഫ് ആയി ക്ളീൻ കേരള മിഷൻ നിലവിലുണ്ട്. മിഷന്റെ പ്രവർത്തന മേൽനോട്ടത്തിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായും ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ഉപാദ്ധ്യക്ഷനായും ഒരു മന്ത്രിസഭാ ഉപസമിതിയും, സംസ്ഥാന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി കൺവീനറായും ഒരു സെക്രട്ടറിതല ഉന്നതാധികാര സമിതിയും, മിഷൻ ഡയറക്ടർ കൺവീനറായി ഒരു കർമ്മസമിതിയും പ്രവർത്തനസജ്ജമായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly